# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4145　　　18.10.2011-ൽ മറുപടിയ്ക്ക്

## പിന്നോക്ക സമുദായ വികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.നാണു<br>ശ്രീ.മാത്യൂ .റ്റി. തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. എ. പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പിന്നോക്ക സമുദായ വികസന കോർപ്പറേഷൻ എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്; | (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995 ഫെബ്രുവരി മാസം 28-ാം തീയതി കമ്പനീസ് ആക്ട് പ്രകാരം നിലവിൽ വന്നു. |
| (ബി) പ്രവർത്തനം ആരംഭിച്ചതു മുതൽ നാളിതു വരെ പ്രസ്തുത കോർപ്പറേഷൻെറ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) കേരള സർക്കാരിൽ നിന്നും നാളിതുവരെ ഷെയർ ക്യാപ്പിറ്റൽ ഇനത്തിൽ ബഡ്ജറ്റ് അലോക്കേഷൻ പ്രകാരം കോർപ്പറേഷന് നൽകിയിട്ടുള്ളത് 7596 ലക്ഷം രൂപയാണ്. |
| (സി) പ്രസ്തുത കോർപ്പറേഷൻെറ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; | (സി) കോർപ്പറേഷൻെറ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാരിൻെറ കീഴിലുള്ള ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നീ സ്ഥാപനങ്ങളിൽ നിന്ന് വായ്പാ ധനസഹായം ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | നാളിതുവരെ NBCFDC -യിൽ നിന്നും 33682.29 ലക്ഷം രൂപയും NMDFC -യിൽ നിന്നും 23343.47 ലക്ഷം രൂപയും വായ്പാ ധനസഹായമായി ലഭിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.